**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1234** **04-07-2022 - ൽ മറുപടിയ്ക്ക്**

**ആളൂർ -ചൂണ്ടൽ ആശുപത്രി - കുന്നംമൂച്ചി റോഡ് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുരളി പെരുനെല്ലി | | ശ്രീ. പി.എ.മുഹമ്മദ് റിയാസ് (പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | മണലൂർ മണ്ഡലത്തിലെ ചൂണ്ടൽ പഞ്ചായത്തിലെ ആളൂർ -ചൂണ്ടൽ ആശുപത്രി - കുന്നംമൂച്ചി റോഡ് അഭിവൃദ്ധിപ്പെടുത്തുന്നതിനുള്ള അടങ്കൽ തുക എത്രയാണെന്ന് അറിയിക്കാമോ; പ്രസ്തുത റോഡിന്റെ എസ്റ്റിമേറ്റ് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | മണലൂർമണ്ഡലത്തിലെ ചൂണ്ടൽ പഞ്ചായത്തിലെ ആളൂർ ചൂണ്ടൽ ആശുപത്രി -കുന്നംമൂച്ചി റോഡിന്റെ അടങ്കൽ തുക 3കോടി രൂപയാണ്.. പ്രസ്തുത റോഡ് എസ്റ്റിമേറ്റിൽ 200മീറ്റർ കാന നിർമ്മാണവും കൂടാതെ 4 കിമീ.റോഡ് വീതി കൂട്ടലും ഉയർത്തലും ബി.എം. & ബി.സി യും ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത റോഡിന്റെ നിർമ്മാണ പ്രവൃത്തികൾ മന്ദഗതിയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഉണ്ട്. പ്രവൃത്തിയുടെ എഗ്രിമെന്റ് പ്രകാരമുള്ള പൂർത്തീകരണ കാലാവധി 09.07.2022 വരെ ആണ്. പ്രസ്തുത പ്രവൃത്തിയുടെ കലുങ്ക്, കാന നിർമ്മാണവും റോഡ് വീതികൂട്ടലും, ഉയർത്തലും പൂർത്തീകരിച്ചിട്ടുണ്ട്. ബി.എം പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) | പ്രസ്തുത റോഡിന്റെ ഏതെല്ലാം പണികൾ പൂർത്തീകരിച്ചിട്ടുണ്ടെന്നും ശേഷിച്ച പ്രവൃത്തികൾ എന്നത്തേയ്ക്ക് പൂർത്തീകരിക്കാനാകുമെന്നും വ്യക്തമാക്കാമോ? | (സി) | ഉണ്ട്. പ്രവൃത്തിയുടെ എഗ്രിമെന്റ് പ്രകാരമുള്ള പൂർത്തീകരണ കാലാവധി09.07.2022 വരെ ആണ്. പ്രസ്തുത പ്രവൃത്തിയുടെ കലുങ്ക്, കാന നിർമ്മാണവും റോഡ് വീതികൂട്ടലും, ഉയർത്തലും പൂർത്തീകരിച്ചിട്ടുണ്ട്. ബി.എം പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ